**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2739** **24-06-2024 - ൽ മറുപടിയ്ക്ക്**

**പുതിയ യുവജന സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ നടപ്പിലാക്കിയ യുവജന സഹകരണ സംഘങ്ങൾ എന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ എത്ര യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാർ നടപ്പിലാക്കിയ യുവജന സഹകരണ സംഘങ്ങൾ എന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിലായി നിലവിൽ 32 യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സർക്കാരിന്റെ രണ്ടാംഘട്ട നൂറ് ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി 14 ജില്ലകളിലായി ഒരു ജില്ലയിൽ ഒന്നു വീതം 14 പട്ടികജാതി/ പട്ടികവർഗ്ഗ യുവ സഹകരണ സംഘങ്ങളും മൂന്നാം ഘട്ട നൂറ് ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി 3 യുവ വനിത സഹകരണ സംഘങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | രജിസ്റ്റർ ചെയ്ത യുവജന സഹകരണ സംഘങ്ങളിൽ എത്രയെണ്ണം നിലവിൽ ലാഭകരമായി പ്രവർത്തിക്കുന്നുവെന്ന് വിശദമാക്കാമോ; | (ബി) | രജിസ്റ്റർ ചെയ്ത യുവജന സഹകരണ സംഘങ്ങളിൽ 4 എണ്ണം ലാഭകരമായി പ്രവർത്തിക്കുന്നു. |
| (സി) | പുതിയ യുവജന സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകുമോ? | (സി) | പുതിയ യുവജന സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന് നിയമാനുസൃത അപേക്ഷകളിന്മേൽ അനുമതി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ